ജി(1) 268/2026

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി. 15-01-2026

**സർക്കുലർ നമ്പർ 04/2026**

**വിഷയം:-** സഹകരണ വകുപ്പ്- 46-ാമത് നിക്ഷേപ സമാഹരണയജ്ഞം- 2026 ജനുവരി 15 മുതൽ 2026 ഫെബ്രുവരി 25 വരെ -മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

**സൂചന:-** സഹകരണ സംഘം രജിസ്ട്രാറുടെ 15.01.2026 ലെ 02/2026 നമ്പർ സർക്കുലർ.

"സഹകരണമേഖല നാടിനായ്, നാട് സഹകരണമേഖലയ്ക്കായി" എന്ന മുദ്രാവാക്യംമുൻനിർത്തി 2026 ജനവരി 15 മുതൽ 2026 ഫെബ്രുവരി 25 വരെ സംസ്ഥാനത്ത് നിക്ഷേപസമാഹരണ ക്യാമ്പയിനും പുതിയ അംഗത്വ വിതരണവും നടത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനിന്റെ ഭാഗമായി വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 46-ാമത് നിക്ഷേപ സമാഹരണത്തിന്റെ ലക്ഷ്യം 9000 കോടി രൂപയാണ്. പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി ജില്ല തിരിച്ച് സമാഹരിക്കേണ്ട നിക്ഷേപ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.
2) സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണ ലക്ഷ്യത്തിൽ കുറഞ്ഞത് മുപ്പത് ശതമാനവും (30%),കേരള ബാങ്ക്, അർബ്ബൻ സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ ലക്ഷ്യത്തിൽ കുറഞ്ഞത് അൻപത് ശതമാനവും (50%)സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, കറന്റ് അക്കൗണ്ട് തുടങ്ങി ചെലവ് കുറഞ്ഞ നിക്ഷേപങ്ങളിലൂടെ സമാഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3) ക്യാമ്പയിനിലെ നിക്ഷേപങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 02/2026 സർക്കുലറിലെ പലിശ നിരക്കുകൾക്ക് പ്രചാരം നൽകി മാത്രമെ സ്വീകരിക്കുവാൻ പാടുള്ളൂ. എന്നാൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവിടങ്ങളിലെ നിക്ഷേപ പലിശ നിരക്ക് അതാത് ഏജൻസികൾ പ്രത്യേകമായി പുറപ്പെടുവിച്ച സർക്കുലർ പ്രകാരമായിരിക്കും.
4) പരമാവധി വ്യക്തികളെയും, കുടുംബങ്ങളെയും സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമാക്കുന്നതിന് ജില്ലാതലം, സർക്കിൾ തലം, സഹകരണ സംഘം തലം എന്നിങ്ങനെ മൂന്ന് തലങ്ങളിൽ വ്യത്യസ്തങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു കൊണ്ട് പുതിയ അക്കൗണ്ടുകളും, നിക്ഷേപങ്ങളും സ്വരൂപിക്കേണ്ടതാണ്. ആയതിനായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമ്പോൾ യുവാക്കൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ, സ്ത്രീകൾ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി അംഗത്വം വർദ്ധിപ്പിക്കേണ്ടതും അവർക്കായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്.

വിവിധ തലങ്ങളിൽ സംഘടിപ്പിക്കേണ്ട പരിപാടികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A. **ജില്ലാതലം**

1. ക്യാമ്പയിന്റെ വിജയകരമായ നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ഏകോപിപ്പിക്കേണ്ടതാണ്. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ, അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), ഇൻസ്പെക്ടർ, ആഡിറ്റർ ഉൾപ്പെടെ സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും ക്യാമ്പയിനിന്റെ പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ്.
2. ഓരോ സംഘത്തിന്റെയും സമാഹരണ ലക്ഷ്യം, ഇൻസ്പെക്ടർമാർക്കുള്ള ചുമതല വീതിച്ചു നൽകുന്നിനുള്ള നടപടി എന്നിവ ജോയിന്റ് രജിസ്ട്രാർ(ജനറൽ) സ്വീകരിക്കേണ്ടതാണ്.
3. ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്) നെ സംസ്ഥാന തല നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു.
4. ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നെ ക്യാമ്പയിന്റെ ജില്ലാ തല നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുന്നു. ക്യാമ്പയിൻ സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരങ്ങളും ദൈനംദിന പുരോഗതി റിപ്പോർട്ടും സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം നോഡൽ ഓഫീസർമാർക്കായിരിക്കും.
5. ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ ഒരു ഇൻസ്പെക്ടറെ (ആവശ്യമെങ്കിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ) ഈ ക്യാമ്പയിന്റെ നടത്തിപ്പിനായി ചുമതലപ്പെടുത്തേണ്ടതും, ടിയാന്റെ പേര് വിവരം സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.
6. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർ, ഇൻസ്പെക്ടർമാർക്ക് സംഘങ്ങളുടെ ചുമതല നിശ്ചയിച്ചു നൽകേണ്ടതും ഓരോ ആഴ്ചയുടെ അവസാനത്തിലും അവരുടെ പ്രവർത്തനം വിലയിരുത്തി അടുത്തദിവസം തന്നെ റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർ(ജനറൽ) –ന് സമർപ്പിക്കേണ്ടതാണ്.

B. **സർക്കിൾ തലം**

സർക്കിൾതല ചുമതല വഹിക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), സർക്കിൾ പരിധിയിലുള്ള മുഴുവൻ സഹകരണ സംഘങ്ങളുടേയും അതാത് ദിവസത്തെ നിക്ഷേപ വിവരങ്ങൾ യൂണിറ്റ്

ഇൻസ്പെക്ടർമാർ മുഖേന ശേഖരിച്ച സർക്കിൾ തലത്തിൽ ക്രോഡീകരിച്ച് അതാത് ദിവസം ജില്ലാതല നോഡൽ ഓഫീസറായ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ന് സമർപ്പിക്കേണ്ടതാണ്. ജില്ലാതല നോഡൽ ഓഫീസർ ജില്ലാ തല കണക്കുകൾ ക്രോഡീകരിച്ച് അതാത് ദിവസം തന്നെ ഇ-മെയിൽ മുഖേന സഹകരണ സംഘം രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്.

C. <u>സഹകരണ സംഘം തലം</u>

1. ക്യാമ്പയിന്റെ ഭാഗമായി സംഘംതല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭരണ സമിതി അംഗങ്ങളുടേയും ജീവനക്കാരുടേയും നേതൃത്വത്തിൽ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ ഭവന സന്ദർശനം നടത്തി സംസ്ഥാന വികസനത്തിൽ നിക്ഷേപസമാഹരണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതും, നിലവിൽ അക്കൗണ്ടില്ലാത്ത അംഗങ്ങളെ കുറഞ്ഞത് ഒരു നിക്ഷേപ അക്കൗണ്ടെങ്കിലും ആരംഭിക്കാൻ പ്രേരിപ്പിക്കേണ്ടതുമാണ്.
2. സംഘത്തിന്റെ പ്രവർത്തന പരിധിയിലെ ഒരു ഭവനത്തിൽ നിന്നും കുറഞ്ഞത് ഒരാളെങ്കിലും സംഘത്തിൽ പുതിയതായി അംഗമാക്കുന്നതിനും നിക്ഷേപം, വായ്പ തുടങ്ങി ഏതെങ്കിലും തരത്തിലുള്ള ഇടപാട് സംഘവുമായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ പ്രാഥമിക ബാങ്കുകളുടേയും പ്രവർത്തന പരിധിയിലുള്ള വിദ്യാലയങ്ങൾ, ഭവനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് സംഘം തലത്തിൽ നടപടി സ്വീകരിച്ച് ഭരണസമിതി അംഗങ്ങളും ജീവനക്കാരും പങ്കെടുത്ത് ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്.
3. നിക്ഷേപ സമാഹരണ യജ്ഞ കാലയളവിൽ സംഘങ്ങളിൽ അംഗസംഖ്യ വർദ്ധിപ്പിക്കുക, ഓഹരിമൂലധനം വർദ്ധിപ്പിക്കുക, പുതിയ അക്കൗണ്ടുകൾ(സിറോ ബാലൻസ് ഉൾപ്പെടെ) ആരംഭിക്കുക, സമ്പാദ്യശീലം വളർത്തുക, കുടിശ്ശിക കുറയ്ക്കുന്നതിനായി പരിശ്രമിക്കുക, വായ്പക്കാരൻ മരണമടഞ്ഞ കേസ്സുകളിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കൽ, അർഹരായവർക്ക് മെമ്പർ റിലീഫ് ഫണ്ട് ആനുകൂല്യം ലഭ്യമാക്കൽതുടങ്ങി എല്ലാ കാര്യങ്ങളും ശ്രദ്ധിച്ച് അതിനനുസൃതമായി പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതികൾ ആരംഭിക്കുകയും പ്രവർത്തന പരിധിയിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികളേയും ഈ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളാക്കുകയും തദ്വാര സഹകരണ മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും, ഭാവിയിലെ സഹകാരികളെ

വാർത്തെടുക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

5. ക്യാമ്പയിന്റെ ഭാഗമായി വാർഡ് തല നിക്ഷേപ സദസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. മുതിർന്ന പൗരൻമാർക്ക് അധിക പലിശ നൽകുന്ന സാഹചര്യത്തിൽ അവരെ നേരിൽ കണ്ട് നിക്ഷേപം നടത്തുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.
6. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സംസ്ഥാനത്തെ എല്ലാ ശാഖകളിലും ഇക്കാലയളവിൽ സീറോ ബാലൻസ് അക്കൗണ്ടുകൾ ഉൾപ്പടെയുള്ള വിവിധ തരത്തിലുള്ള പുതിയ അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, മറ്റ് വായ്പ സഹരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹരണ സംഘങ്ങൾ എന്നിവ മുഖാന്തിരം വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

D. <u>സംസ്ഥാനതലം</u>

1. സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശാഖകളിൽ നിന്നും ശേഖരിച്ച് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് സഹരണ സംഘം രജിസ്ട്രാർക്ക് ഇ-മെയിൽ മുഖാന്തിരം അതാത് ദിവസം തന്നെ സമർപ്പിക്കേണ്ടതുമാണ്. ഇതിൻമേൽ ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ ഏർപ്പെടുത്തേണ്ടതും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തേണ്ടതുമാണ്.
2. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ സ്വരൂപിക്കുന്ന സ്ഥിരനിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ അതാത് ദിവസം അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർമാർ, ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകേണ്ടതും, ജോയിന്റ് രജിസ്ട്രാർമാർ ടി വിവരങ്ങൾ കൂടി പുരോഗതി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രാഥമികസംഘങ്ങൾ, സംസ്ഥാന സഹകരണ ബാങ്ക്, അർബൻ ബാങ്ക് എന്നിവ ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടേയും 14.01.2026 ലെ നിക്ഷേപ ബാക്കി നിൽപ്പ് 17.01.2026 ന് മുൻപ് ഇതോടൊപ്പമുള്ള 1,2,3,4,5,6 എന്നീ പ്രൊഫോമകളിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

3. ക്യാമ്പയിന്റെ ദൈനംദിന പുരോഗതി റിപ്പോർട്ട് എല്ലാ ദിവസവും വൈകുന്നേരം 5.00 മണിക്ക് മുമ്പായും എല്ലാ ആഴ്ചയിലേയും പുരോഗതി എല്ലാ വെള്ളിയാഴ്ചയുംവൈകുന്നേരം 5.00 മണിക്കുമുമ്പായും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന1A, 2A,3A,4A,5A,6Aപ്രൊഫോർമയിൽvigilancercs@gmail.comഎന്ന ഇ-മെയിൽ/തപാൽ മുഖേനയും അറിയിക്കേണ്ടതും അന്തിമ പുരോഗതി റിപ്പോർട്ട് നിക്ഷേപ സമാഹരണ യജ്ഞം അവസാനിച്ച് 2 ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്.

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന നിക്ഷേപം സ്വീകരിക്കാൻ അനുമതിയുള്ള കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയിസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകേണ്ടതാണ്.

മേൽ പ്രസ്താവിച്ച തലങ്ങളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് താഴെ പറയുന്ന കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

## ജില്ലാതല കമ്മിറ്റിയുടെ ഘടന

| | | |
|---|---|---|
| 1. | ജോയിന്റ് രജിസ്ട്രാർ(ജനറൽ) | ചെയർമാൻ |
| 2. | സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ | അംഗം |
| 3. | സംഘം ജീവനക്കാരുടെ മൂന്ന് പ്രതിനിധികൾ (അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ അതാത് ജില്ലാ പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്) | അംഗം |
| 4. | പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രസിഡന്റമാർ | അംഗം |
| 5. | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി | അംഗം |
| 6. | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | അംഗം |
| 7. | അസിസ്റ്റ് രജിസ്ട്രാർ (ജനറൽ) മാർ | അംഗം |
| 8. | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർ | അംഗം |
| 9. | ജനറൽ മാനേജർ, കേരള സംസ്ഥാന സഹകരണ ബാങ്ക് | കൺവീനർ |

## സർക്കിൾതല കമ്മിറ്റിയുടെ ഘടന

| | | |
|---|---|---|
| 1. | ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ | ചെയർമാൻ |
| 2. | പി.എ.സി.എസ് പ്രസിഡന്റുമാർ | അംഗം |
| 3. | താലൂക്കിലെ അർബൻ ബാങ്ക് പ്രസിഡന്റുമാർ | അംഗം |
| 4. | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) | അംഗം |
| 5. | അസിസ്റ്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 6. | പ്രസിഡന്റ്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 7. | വാല്യൂഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് | അംഗം |
| 8. | എക്സിക്യൂട്ടീവ് ആഫീസർ, കേരള സഹകരണ ബാങ്ക് | അംഗം |
| 9. | ശാഖാ മാനേജർ, കേരള സംസ്ഥാന സഹകരണ ബാങ്ക് | അംഗം |
| 10. | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം സെക്രട്ടറിമാരുടെ 3 പ്രതിനിധികൾ (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്) | അംഗങ്ങൾ |

## സംഘം തല കമ്മിറ്റിയുടെ ഘടന

| | | |
|---|---|---|
| 1. | സംഘം പ്രസിഡന്റ് | ചെയർമാൻ |
| 2. | യൂണിറ്റ് ഇൻസ്പെക്ടർ | കൺവീനർ |
| 3. | സംഘം സെക്രട്ടറി | അംഗം |
| 4. | പ്രസ്തുത സംഘം ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ | അംഗം |
| 5. | റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി | അംഗം |
| 6. | ബഹുജന സംഘടനാ പ്രതിനിധി | അംഗം |
| 7. | കുടുംബശ്രീ പ്രവർത്തകരുടെ പ്രതിനിധി | അംഗം |
| 8. | സംഘം ജീവനക്കാരുടെ പ്രതിനിധി | അംഗം |
| 9. | യുവജന സംഘടനയുടെ പ്രതിനിധി. | അംഗം |

## അനുബന്ധം

## ജില്ല തിരിച്ചുള്ള നിക്ഷേപ ടാർജറ്റ്-2026

| ക്രമ നം | ജില്ല | 15.01.2026 മുതൽ 25.02.2026 വരെ സമാഹരിക്കേണ്ട നിക്ഷേപത്തിന്റെ ടാർജറ്റ് (തുക കോടിയിൽ) കേരള ബാങ്ക് ഒഴികെ |
|---|---|---|
| 1. | തിരുവനന്തപുരം | 500 |
| 2. | കൊല്ലം | 500 |
| 3. | പത്തനംതിട്ട | 350 |
| 4. | ആലപ്പുഴ | 550 |
| 5. | കോട്ടയം | 450 |
| 6. | ഇടുക്കി | 300 |
| 7. | എറണാകുളം | 650 |

| | | |
|---|---|---|
| 8. | തൃശ്ശൂർ | 500 |
| 9. | പാലക്കാട് | 700 |
| 10. | മലപ്പുറം | 750 |
| 11. | കോഴിക്കോട് | 800 |
| 12. | വയനാട് | 250 |
| 13. | കണ്ണൂർ | 1000 |
| 14. | കാസർഗോഡ് | 700 |
| 15. | കേരളാ ബാങ്കിലെ വ്യക്തിഗത നിക്ഷേപം | 1000 |
| | **ആകെ** | **9000** |

(ഒപ്പ്)
ഡോ.ഡി.സജിത് ബാബു . ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-
1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് തിരുവനന്തപുരം
4. ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് തിരുവനന്തപുരം
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
6. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
ജോയിന്റ് ഡയറക്ടർ(മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ
സംഘങ്ങൾ/ബാങ്കുകൾക്കും/അർബൻ ബാങ്കുകൾക്കും/എംപ്ലോയീസ് സഹകരണ
സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
11. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ വായ്പേതര സഹകരണ
സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
12. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
13. വെബ് സൈറ്റ്
14. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

## 46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026

### പ്രൊഫോർമ - 1

(പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ (PACS)വിവരങ്ങൾ

(തുക ലക്ഷത്തിൽ)

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | | |
| 3. | സംഘങ്ങളുടെ എണ്ണം | | | | | |
| 4. | നിശ്ചയിച്ച നൽകിയ ടാർജറ്റ് | | | | | |
| 5. | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 6. | അക്കൗണ്ടുകളുടെ എണ്ണം (14.01.2026) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## 46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026

### പ്രൊഫോർമ - 2

(ബി ആർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ

(തുക ലക്ഷത്തിൽ)

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | ബാങ്കുകളുടെ എണ്ണം | | | | | |
| 3. | നിശ്ചയിച്ച നൽകിയ ടാർജറ്റ് | | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 5. | അക്കൗണ്ടുകളുടെ എണ്ണം(14.01.2026) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## 46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026

### പ്രൊഫോർമ - 3

(എംപ്ലോയീസ് സംഘങ്ങളും, അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സംഘങ്ങളുടെ എണ്ണം | | | | | |
| 3. | നിശ്ചയിച്ച് നൽകിയ ടാർജറ്റ് | | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 5. | അക്കൗണ്ടുകളുടെ എണ്ണം (14.01.2026) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## 46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026

### പ്രൊഫോർമ - 4

(കേരള സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ച വിവരങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | | |
|---|---|---|---|---|---|---|
| 1 | ബാങ്കിന്റെ പേര് | | | | | |
| 2 | നിശ്ചയിച്ച് നൽകിയ ടാർജറ്റ് | | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026) എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെതൊഴികെ) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |
| 4 | അക്കൗണ്ടുകളുടെ എണ്ണം(14.01.2026) എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെതൊഴികെ) | | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജനറൽ മാനേജർ, കേരള സഹകരണ ബാങ്ക്

46-ാമത് സഹകരണ നിക്ഷേപ സമാഹരണ യജ്ഞം 2026

പ്രൊഫോർമ - 5

(പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ച വിവരം)

(തുക ലക്ഷത്തിൽ)

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | | |
| 3. | സംഘങ്ങളുടെ എണ്ണം | | | | | |
| 4. | നിശ്ചയിച്ച് നൽകിയ ടാർജറ്റ് | | | | | |
| 5. | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 6. | അക്കൗണ്ടുകളുടെ എണ്ണം((14.01.2026) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

46-ാമത്സഹകരണ നിക്ഷേപ സമാഹരണ യജ്ഞം 2026

പ്രൊഫോർമ - 6

(അംഗങ്ങളിൽ നിന്നും ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ)

(തുക ലക്ഷത്തിൽ)

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ല | | | | | |
| 2. | സർക്കിളുകളുടെ എണ്ണം | | | | | |
| 3. | നിശ്ചയിച്ച് നൽകിയ ടാർജറ്റ് | | | | | |
| 4. | നിക്ഷേപ ബാക്കി നിൽപ്പ് ((14.01.2026)<br>എ)മൾട്ടിപർപ്പസ് സംഘങ്ങൾ<br>ബി) വനിതാ സഹകരണ സംഘങ്ങൾ<br>സി)റസിഡൻസ് വെൽഫെയർ സഹകരണ സംഘങ്ങൾ<br>ഡി) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾ<br>ഇ) ഇതര സഹകരണ സംഘങ്ങൾ | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ആകെ | | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം((14.01.2026) | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026**
**പ്രൊഫോർമ-1 എ**

(പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ (PACS) ദൈനംദിന പുരോഗതി റിപ്പോർട്ട്)

തിയതി.................. (തുക ലക്ഷത്തിൽ)

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി.......................... | | | | |
| 4 | അറ്റ വർദ്ധന നാളിതു തീയതി..................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം(14.01.2026) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി............... | | | | |
| 7 | അറ്റ വർദ്ധന നാളിതു തീയതി................... | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**46-ാമത്സഹകരണ നിക്ഷേപ സമാഹരണ യജ്ഞം 2026**
**പ്രൊഫോർമ-2 എ**

(ബി.അർ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി........................ (തുക ലക്ഷത്തിൽ)

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ്((14.01.2026) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി.......................... | | | | |
| 4 | അറ്റ വർദ്ധന നാളിതു തീയതി.................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം(14.01.2026) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി.............. | | | | |
| 7 | അറ്റ വർദ്ധന നാളിതു തീയതി.................. | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

**46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026**
**പ്രൊഫോർമ-3 എ**

(എംപ്ലോയീസ് സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂവിമെന്റ് സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി.......................

(തുക ലക്ഷത്തിൽ)

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുളളവ | ആകെ |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ്(14.01.2026) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി.......................... | | | | |
| 4 | അറ്റ വർദ്ധന നാളിതു തീയതി.................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം(14.01.2026) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി.............. | | | | |
| 7 | അറ്റ വർദ്ധന നാളിതു തീയതി.................. | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026
പ്രൊഫോർമ-4 എ

(സംസ്ഥാന സഹകരണ ബാങ്കിന്റെ ദൈനംദിന പുരോഗതി റിപ്പോർട്ട്)
(തുക ലക്ഷത്തിൽ)

| | | | | | | |
|---|---|---|---|---|---|---|
| 1. | ബാങ്കിന്റെ പേര് | | | | | |
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026)എ) വ്യക്തിഗതവും. സ്ഥാപനവും (സഹകരണ സംഘങ്ങളുടേതൊഴികെ) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് നാളിതു തീയതി............. എ) വ്യക്തിഗതവും. സ്ഥാപനവും(സഹകരണ സംഘങ്ങളുടെ തൊഴികെ) | | | | | |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |
| 4. | അറ്റ വർദ്ധന നാളിതു തീയതി............ എ) വ്യക്തിഗതവും. സ്ഥാപനവും (സഹകരണ സംഘങ്ങളുടെ തൊഴികെ) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| | ബി) സഹകരണ സ്ഥാപനങ്ങളുടേത് | | | | | |
| | സി) ആകെ | | | | | |
| 5. | അക്കൗണ്ടുകളുടെ എണ്ണം (14.01.2026) | | | | | |
| 6. | അക്കൗണ്ടുകളുടെ എണ്ണം നാളിതു തീയതി................ | | | | | |
| 7. | അറ്റ വർദ്ധന നാളിതു തീയതി............ | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജനറൽ മാനേജർ, കേരള സഹകരണ ബാങ്ക്

**46-ാമത് സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026**
**പ്രൊഫോർമ-5 എ**

(പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ദൈനംദിന പുരോഗതി റിപ്പോർട്ട്)

തീയതി........................

(തുക ലക്ഷത്തിൽ)

| 1 | ജില്ല | സേവിംഗ്സ് | സ്ഥിരം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 2 | നിക്ഷേപ ബാക്കി നിൽപ്പ് (00.00.2026) | | | | |
| 3 | നിക്ഷേപ ബാക്കി നിൽപ്പ് നാളിതുവരെ തീയതി.......................... | | | | |
| 4 | അറ്റ വർദ്ധന നാളിതു തീയതി.................... | | | | |
| 5 | അക്കൗണ്ടുകളുടെ എണ്ണം (14.01.2026) | | | | |
| 6 | അക്കൗണ്ടുകളുടെ എണ്ണം, നാളിതുവരെ തീയതി.............. | | | | |
| 7 | അറ്റ വർദ്ധന നാളിതുവരെ തീയതി.................. | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ഓഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

46-ാമത്സഹകരണ നിക്ഷേപം സമാഹരണ യജ്ഞം 2026

പ്രൊഫോർമ – 6 എ

(അംഗങ്ങളിൽ നിന്നും ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ)

(തുക ലക്ഷത്തിൽ)

| 1. | ജില്ല | | | | | |
|---|---|---|---|---|---|---|
| 2. | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026) | സേവിംഗ്സ് | കറന്റ് | സ്ഥിരം | മറ്റുള്ളവ | ആകെ |
| 3. | നിക്ഷേപ ബാക്കി നിൽപ്പ് (14.01.2026)<br>എ) മൾട്ടി പർപ്പസ് സംഘങ്ങൾ<br>ബി) വനിതാ സഹകരണ സംഘങ്ങൾ<br>സി)റസിഡൻസ് വെൽഫെയർ സഹകരണ സംഘങ്ങൾ<br>ഡി) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾ<br>ഇ) ഇതര സഹകരണ സംഘങ്ങൾ | | | | | |
| | ആകെ | | | | | |
| 4. | അറ്റ വർദ്ധ നാളിതുവരെ തീയതി.............<br>എ) മൾട്ടി പർപ്പസ് സംഘങ്ങൾ<br>ബി) വനിതാ സഹകരണ സംഘങ്ങൾ<br>സി)റസിഡൻസ് വെൽഫെയർ സഹകരണ സംഘങ്ങൾ<br>ഡി) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങൾ<br>ഇ) ഇതര സഹകരണ സംഘങ്ങൾ | | | | | |
| | ആകെ | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)
നോഡൽ ആഫീസർ

ജോയിന്റ് രജിസ്ട്രാർ(ജനറൽ)